## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 718** | **29/10/2019-ൽ മറുപടിയ്ക്ക്**

# സർക്കാർ വാങ്ങുവാനുദ്ദേശിക്കുന്ന സഹകരണ ബാങ്കിന്റെ ഓഹരികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. വിൻസെന്റ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ഓഹരികൾ വാങ്ങുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ ഓഹരികളാണ് വാങ്ങുവാനുദ്ദേശിക്കുന്നത്; | (എ) യും (ബി) യും (സി) യും | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ഓഹരികൾ വാങ്ങുന്നതിന് നിലവിൽ സർക്കാർ തീരുമാനിച്ചിട്ടില്ല.<br>എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ 3.50 കോടി രൂപയും, 2018-19 സാമ്പത്തിക വർഷത്തിൽ 22 കോടി രൂപയും സർക്കാരിൽ നിന്നും ഓഹരിമൂലധന സഹായമായി ബാങ്കിന് അനുവദിച്ച് നൽകിയിട്ടുണ്ട്. റിസർവ് ബാങ്ക് മാനദണ്ഡ പ്രകാരമുള്ള മൂലധന പര്യാപ്തത നിരക്ക് (CRAR) കൈവരിക്കുന്ന ആവശ്യത്തിലേക്കായാണ് മേൽ പരാമർശിച്ച ധനസഹായം അനുവദിച്ച് നൽകിയത്. റിസർവ് ബാങ്ക് മാനദണ്ഡങ്ങൾ പ്രകാരമുള്ള നിശ്ചിത CRAR നിരക്ക് ബാങ്ക് കൈവരിച്ചില്ലെങ്കിൽ ബാങ്കിന്റെ ലൈസൻസ് റദ്ദ് ചെയ്യപ്പെടാനുള്ള സാദ്ധ്യത ഉണ്ടായിരുന്നതിനാലാണ് ഇപ്രകാരം ധനസഹായം അനുവദിച്ചിരുന്നത്. |
| (ബി) | ബാങ്കിന്റെ മൂലധന പര്യാപ്തത കൂട്ടുവാനാണോ പ്രസ്തുത ഓഹരികൾ വാങ്ങിയത്; അതിനുള്ള പ്രത്യേക സാഹചര്യം എന്തായിരുന്നു; | | |
| (സി) | സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സർക്കാർ തന്നെ ഇപ്രകാരം ഓഹരി വാങ്ങിയത് നീതീകരിക്കത്തക്കതാണോ; വ്യക്തമാക്കാമോ; | | |
| (ഡി) | നബാർഡ് നൽകിയ പാദവാർഷിക റിപ്പോർട്ട് അനുസരിച്ച് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തത എത്രയാണ്, വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | നബാർഡിന്റെ പാദവാർഷിക റിപ്പോർട്ട് ലഭ്യമായിട്ടില്ല. 28.08.2019 മുതൽ 06.09.2019 വരെ നബാർഡ് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ടും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ